**Desabhimani**

**22 August 2018**

**Thiruvananthapuram, After Flood, Flood Calamity, Rebuild Kerala**



# സർക്കാരിന് പിന്തുണയുമായി സർവകക്ഷിയോഗം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

- പുനർനിർമാണപ്രവർത്തനങ്ങളിൽ വിദ്യാർഥികളെ അണിനിരത്തും
- ദുരന്തസമയങ്ങളിൽ സഹായിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകും
- ദുരിതാശ്വാസക്യാമ്പിൽ വനിതാപൊലീസിനെ നിയോഗിക്കും

പ്രളയക്കെടുതി നേരിടാനുള്ള സർക്കാർ നടപടികൾക്ക് പിന്തുണയുമായി സർവകക്ഷിയോഗം. പുനരധിവാസ, പുനർനിർമാണ പ്രവർത്തനങ്ങളിൽ ഒരുമിച്ച് സർക്കാരിന് പിന്തുണ നൽകി പ്രവർത്തിക്കുമെന്ന് രാഷ്ട്രീയകക്ഷി പ്രതിനിധികൾ ഉറപ്പുനൽകി.

കേരളത്തിലെ ദുരന്തവ്യാപ്തി കണക്കിലെടുത്ത് പ്രത്യേക പാക്കേജ് കേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

മത്സ്യത്തൊഴിലാളികളെ പരിശീലനം നൽകി ദുരന്തസമയങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന വളന്റിയർമാരാക്കും. തീരദേശ പൊലീസിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. പുനർനിർമാണ പ്രവർത്തനങ്ങളിൽ എൻജിനിയറിങ് വിദ്യാർഥികളെയുൾപ്പെടെ പങ്കെടുപ്പിക്കും.

ക്യാമ്പുകളിൽ സഹായങ്ങൾ നേരിട്ടുകൊടുക്കുന്നതിനുപകരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർവഴി നൽകാൻ തയ്യാറാകണം.

ക്യാമ്പുകളിൽ പൊലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കും. കഴിയുന്നിടങ്ങളിൽ വനിതാ പൊലീസിന്റെ സാന്നിധ്യവുമുണ്ടാകും.

സംഘടനകളുടെ അടയാളങ്ങളോടെ ക്യാമ്പിലെത്തുന്നത് ഒഴിവാക്കാൻ എല്ലാ പാർടികളും നിർദേശം നൽകണം. ജനങ്ങൾ ഒഴിഞ്ഞുപോയ വീടുകളിൽ കവർച്ചാശ്രമമുണ്ടാകുന്നത് തടയാൻ പട്രോളിങ് ശക്തമാക്കും.

വീട് നഷ്ടപ്പെട്ടവർക്കായി ക്യാമ്പുകൾ തുടരും. എന്നാൽ, സ്കൂളുകൾ ഉപയോഗിക്കാനാകാത്തതിനാൽ പകരം സംവിധാനങ്ങൾ ഉറപ്പാക്കും.

മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാകുന്നുണ്ട്. ജനങ്ങൾക്ക് ഇൻഷുറൻസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുമെന്ന് ഇൻഷുറൻസ് കമ്പനികൾ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിലുള്ള പിരിവുകൾ പാടില്ല, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായം നൽകുന്നതാകും ഉചിതമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാരായ ഇ പി ജയരാജൻ, ഇ ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, കെപിസിസി പ്രസിഡന്റ് എം എം ഹസ്സൻ, കാനം രാജേന്ദ്രൻ, പ്രകാശ് ബാബു (സിപിഐ), പി എസ് ശ്രീധരൻപിള്ള (ബിജെപി), എൻ കെ പ്രേമചന്ദ്രൻ (ആർഎസ്പി), കെ എം മാണി (കേരള കോൺഗ്രസ് എം), വി കെ ഇബ്രാഹിംകുഞ്ഞ് (മുസ്ലിംലീഗ്), കെ കൃഷ്ണൻകുട്ടി (ജെഡിഎസ്), അനൂപ് ജേക്കബ് (കേരള കോൺഗ്രസ് ജേക്കബ്), കോവൂർ കുഞ്ഞുമോൻ (ആർഎസ്പി എൽ), ആർ ബാലകൃഷ്ണപിള്ള (കേരള കോൺഗ്രസ് ബി), ഷേക്ക് പി ഹാരിസ് (എൽജെഡി), അഡ്വ. ജി സുഗുണൻ (സിഎംപി), ഉഴമലയ്ക്കൽ വേണുഗോപാൽ (കേരള കോൺഗ്രസ് എസ്), അഡ്വ. കാർത്തികേയൻ (എൻസിപി), തമ്പാനൂർ മോഹനൻ (നാഷണൽ സെക്യുലർ കോൺഫറൻസ്), പി സി ജോർജ് എന്നിവർ പങ്കെടുത്തു.